# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 97 11.02.2016-ലെ മറുപടിക്ക്

### ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.പി.ടി.എ. റഹീം | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ഹയർ സെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതി ഉയർന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹയർസെക്കന്ററി അദ്ധ്യാപകരുടെ 2015 - 16 അദ്ധ്യയന വർഷത്തെ പൊതുസ്ഥലമാറ്റ ഉത്തരവ് 21.09.2015-ൽ ഹയർസെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ചിരുന്നെങ്കിലും ടി സ്ഥലമാറ്റ ഉത്തരവിൽ അപാകതകളും അനോമലിയും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. ഇതിനിടയിൽ 21.09.2015-ൽ ഹയർസെക്കന്ററി ഡയറക്ടർ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു കൂട്ടം അദ്ധ്യാപകർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായി 2015 - 16-ലെ ഹയർസെക്കന്ററി അദ്ധ്യാപകരുടെ സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിന് ഹയർസെക്കന്ററി ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | വാർഷിക പരീക്ഷയ്ക്കായുള്ള ഒരുക്കങ്ങൾ നടക്കുന്ന വേളയിലുള്ള ഈ സ്ഥലംമാറ്റ പ്രക്രിയ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനത്തേയും പരീക്ഷയേയും ബാധിക്കുമെന്ന കാര്യം അറിവുള്ളതാണോ; ഇത് പരിഗണിക്കുകയുണ്ടായോ; | (ബി) & (സി) | പരിഗണിച്ചിട്ടുണ്ട്. |

(സി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുമായി ബന്ധപ്പെട്ട് നേരത്തെ പരാതികളും നിയമനടപടികളും ഉണ്ടായിരുന്നുവോ; ഇത് പരിഗണിക്കുകയുണ്ടായോ;

(ഡി) ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി ഡയറക്ടറെ മാറ്റാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

(ഡി) ഹയർ സെക്കന്ററി അധ്യാപകരുടെ സ്ഥലംമാറ്റവും ഡയറക്ടറുടെ മാറ്റവും തമ്മിൽ ബന്ധമില്ല. ഭരണപരമായ സൗകര്യത്തിനായി മന്ത്രിസഭാ യോഗതീരുമാനം അനുസരിച്ചാണ് ഹയർ സെക്കന്ററി ഡയറക്ടറെ സ്ഥലം മാറ്റിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ